## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4957** 04.07.2012 -ൽ മറുപടിയ്ക്ക്

### കേന്ദ്ര ചിട്ടിനിയമത്തിന്റെ വിജ്ഞാപനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ചിട്ടി നിയമം (ചിറ്റ് ഫണ്ട്സ് ആക്റ്റ്) ഇന്ത്യ മുഴുവൻ ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി രജിസ്ട്രാർ, അപ്പലേറ്റ് അതോറിറ്റി എന്നിവയുടെ നിയമനം നടന്നിട്ടുണ്ടോ ; | (എ) | സിവിൽ അപ്പീൽ 6660/05 മുതലായ ബാച്ചു കേസുകളിൽ സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധി പ്രസ്താവിക്കപ്പെട്ടത് 08.05.2012 ലാണ്. അതിന് മുമ്പ് തന്നെ അതായത് 30.04.2012 ന് S.O.No.950(E) നമ്പരായി കേന്ദ്രധന മന്ത്രാലയം കേരളം ഉൾപ്പെടെ 6 സംസ്ഥാനങ്ങളിൽ കേന്ദ്ര നിയമമായ ചിറ്റ് ഫണ്ട്സ് ആക്ടിന് പ്രാബല്യം നൽകിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ആക്ടിന് കീഴിലുള്ള കേരള ചിറ്റ് ഫണ്ട്സ് റൂൾസ് 05.06.2012 ന് നിലവിൽ വന്നു.<br>ചട്ടം 3 പ്രകാരം രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ രജിസ്ട്രാർ ഓഫ് ചിറ്റ്സ് ആയി നിയമിച്ചിട്ടുണ്ട്. ചിറ്റ് ഫണ്ട്സ് ആക്ടിലെ 70-ാം വകുപ്പും 74-ാം വകുപ്പും അനുസരിച്ചുള്ള അപ്പീൽ അധികാരി സംസ്ഥാന സർക്കാരാണ്.<br>(.........................2) |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന സർക്കാരിന്റെ പ്രത്യേക അനുമതി പ്രകാരം പരമാവധി 10 വർഷം വരെ കാലദൈർഘ്യമുള്ള ചിട്ടികളെ നടത്താവൂ എന്നിരിക്കെ കേന്ദ്ര ചിട്ടി നിയമപ്രകാരമുള്ള 5 വർഷം പരമാവധി ദൈർഘ്യമുള്ള ചിട്ടി-കൾക്കുപകരം ചില പ്രൈവറ്റ് ചിട്ടി കമ്പനികൾ 180 മാസംവരെ കാലാവധിയുള്ള ചിട്ടികൾ പരസ്യപ്പെടുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ; | (ബി) | ഉണ്ട്.<br>തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ അനധികൃതമായി ചിട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ടിന്റെയും 2012 ലെ ചട്ടങ്ങളുടെയും വെളിച്ചത്തിൽ, ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ, പ്രസ്തുത ജില്ലകളിലെ ജില്ലാ രജിസ്ട്രാറോടു കൂടി പരിശോധന നടത്തുന്നതിനും നിയമം ലംഘിച്ചിട്ടു-ള്ളവരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുന്നതിനും അതത് ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകുന്നതിന് ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പരാതിയില്ലാതെപോലും പോലീസിന് ഇത്തരം വിഷയങ്ങളിൽ കേസെടുക്കാ-മെന്നിരിക്കെ കേരളത്തിൽ എത്ര കേസ്സുകൾ ഇത്തരം ചിട്ടി സ്ഥാപനങ്ങൾക്കും ഉടമകൾക്കും എതിരെ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | | ഈ വർഷം ഇതു സംബന്ധിച്ച് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ